## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അനുസരിച്ച് വൈക്കം നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുക</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4542

28.06.2013 ൽ മറുപടിക്ക്

ചോദ്യം. ഉത്തരം.

| ശ്രീ. കെ. അജിത് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അനുസരിച്ച് വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തും എത്ര തുക വീതം ചെലവഴിച്ചു എന്നും അത് അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ; | (എ) | അനുബന്ധം 1 ആയി ചേർക്കുന്നു |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തും ഓരോ തൊഴിലാളിക്കും എത്ര തൊഴിൽ ദിനങ്ങൾ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | അനുബന്ധം 2 ആയി ചേർക്കുന്നു |
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിൽ നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തും മുൻവർഷങ്ങളിൽ നിന്നും വ്യത്യസ്തമായി എത്ര തൊഴിൽ ദിനങ്ങൾ ഓരോ തൊഴിലാളിക്കും അധികമായി നൽകാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ; | (സി) | അനുബന്ധം 3 ആയി ചേർക്കുന്നു |
| (ഡി) | കാർഷിക മേഖലയിൽ സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്നും ഇതുമൂലം കാർഷികവിളകളുടെ ഉല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ? | (ഡി) | കാർഷിക മേഖലയിൽ 48,000 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഇതു മൂലം കാർഷിക വിളകളുടെ ഉല്പാദനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ ഗ്രാമ പഞ്ചായത്തും 2012-13 ൽ ചെലവഴിച്ച തുകയുടേയും അത് ലഭ്യമായ തുകയുടെ എത്ര ശതമാനമാണെന്നും ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ശതമാനം |
|---|---|---|---|
| 1 | ചെമ്പ് | 224.660 | 99.40 |
| 2 | മറവൻതുരുത്ത് | 266.07 | 98.79 |
| 3 | തലയാഴം | 242.591 | 98.23 |
| 4 | ടി.വി.പുരം | 78.01 | 94.69 |
| 5 | ഉദയനാപുരം | 321.857 | 96.98 |
| 6 | വെച്ചൂർ | 172.28 | 99.84 |

അനുബന്ധം 2

2012-13 ൽ വൈക്കം നിയോജക മണ്ഡലത്തിലെ ഓരോ ഗ്രാമപഞ്ചായത്തും ഓരോ കുടുംബത്തിനും നൽകിയ ശരാശരി തൊഴിൽ ദിനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. (മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം ആവശ്യാധിഷ്ഠിതമായി 100 ദിവസത്തെ തൊഴിൽ ലഭിക്കുന്നതിനുള്ള അവകാശമുണ്ട്).

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | ഓരോ കുടുംബത്തിനും ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങൾ |
|---|---|---|
| 1 | ചെമ്പ് | 68 |
| 2 | മറവൻതുരുത്ത് | 80 |
| 3 | തലയാഴം | 67 |
| 4 | ടി.വി.പുരം | 24 |
| 5 | ഉദയനാപുരം | 70 |
| 6 | വെച്ചൂർ | 53 |

അനുബന്ധം 3

വൈക്കം നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ ഓരോ തൊഴിലാളി കുടുംബത്തിനും മുൻവർഷത്തേക്കാൾ 2012-13 ൽ അധികമായി നൽകാൻ കഴിഞ്ഞ ശരാശരി തൊഴിൽ ദിനങ്ങളുടെ വർദ്ധനവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | മുൻവർഷത്തേക്കാൾ 2012-13 ൽ അധികമായി നൽകിയ തൊഴിൽ ദിനങ്ങളുടെ എണ്ണം |
|---|---|---|
| 1 | ചെമ്പ് | 5 |
| 2 | മറവൻതുരുത്ത് | 7 |
| 3 | തലയാഴം | 20 |
| 4 | ടി.വി.പുരം | ഇല്ല |
| 5 | ഉദയനാപുരം | ഇല്ല |
| 6 | വെച്ചൂർ | 6 |